VOTING ON DEMANDS FOR GRANTS.—(*contd.*)

DEMAND IV—PUBLIC WORKS DEPARTMENT INCLUDING CAPITAL EXPENDITURE NOT CHARGED TO REVENUE.

PRESIDENT: The House will now resume discussion on the budget. I find that cut motion No. 134 was being discussed when the House rose the other day.

MR. PULIYOOR T. P. VELAYUDHAN PILLAI: I rise to a point of order. I wish to get a ruling from the Chair whether there is any time limit for speeches on cut motions as we were having last time on similar occasions.

PRESIDENT: I made an announcement which, probably the honourable member might not have heard. What I said was: "When voting on the Demands for Grants, every mover and the official member who has the right of reply will be allowed ten minutes each and the other members five minutes each."

MR. PULIYOOR T. P. VELAYUDHAN PILLAI: I was constrained to raise this point of order in view of the nature of discussion that was going on.

PRESIDENT: I may say that this rule, as all rules with regard to duration of discussion, is not intended to curtail the liberty of discussion on an important matter within the limit of five minutes. It may not always be possible to bring out the importance of the matter within this limited period. It is then that the Chair will give some discretion. But, ordinarily speaking, that will be the rule that will be observed.

MR. K. P. KOCHUKORA THARAKAN (*Kunnathunad* cum *Parur*): സർ, ഫസ്റ്റ്-ാം നമ്പരായി ഞാൻ ഒരു കട്ട്മോഷൻ അയച്ചിട്ടുണ്ട്. ഇപ്പോൾ ഫസ്റ്റ്-ാം നമ്പർ അവതരിപ്പിക്കുന്ന സമയത്ത് ഫസ്റ്റ്-ാം നമ്പർ ഉപക്ഷേപത്തിൽ ഞാൻ പറയണമെന്നു വിചാരിക്കുന്ന സംഗതികൾ എല്ലാം പ്രതിപാദിക്കുന്നതിനു സാവകാശമില്ലാതെ വന്നുചേരും. അതുകൊണ്ടു ഫസ്റ്റ്-ാംനമ്പർ ഉപക്ഷേപത്തെപ്പറ്റി സംസാരിക്കുമ്പോൾ എനിക്കും പത്തുമിനിട്ട് സമയം കിട്ടുമോ എന്നറിഞ്ഞാൽ കൊള്ളാം.

PRESIDENT: That exactly covers what I said in reply to the point of order raised by Mr. T. P. Velayudhan Pillai. Cut motion No. 134 raises, what may be called, the biggest issue and that has been taken as the governing motion. Other honorable members who have sent in similar cut motions and who have the right of ten minutes would, if circumstances and the nature of the point they raise warrant, be given ten minutes.

MR. P. KUNJUKRISHNAN (*Quilon* cum *Kottarakara*) Two of my cut motions Nos. 130 and 131 have been allowed and I have to speak on them. I am now speaking on cut motion No. 134.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: I may just point out exactly what the convention is. According to the rule by my predecessor, if, for instance, cut motion No. 130 is taken up, that is, "to discuss about the means of communication in Paravur, Quilon", and has a chance of carrying it, then all the cut motions up to No. 134 will be disposed of. In order to avoid such a contingency and in order that all possible chances may be given, I have, for the purpose of the convenience of the House, taken cut motion No. 134 which is the largest in ambit and in scope. Therefore the honourable member is not entitled to claim that because he has sent cut motion Nos. 130 and 131 he is entitled to claim 20 minutes. But if he has something to say important on local needs he will be allowed to do so.

MR. A. THANU PILLAI: May I remind the Chair that he has promised to give a considered ruling on the matter.

PRESIDENT: That has given me a tremendous amount of difficulty and I have not been able to make up my mind on the matter. I find that in the Legislative Assembly similar ruling have been given and I find that in Parliament also both opinions have been expressed and therefore, as I have to give a considered ruling which will bind the House hereafter, I have to consider the matter from every aspect of the question. As it is, as the honourable member well knows, until the ruling is modified by a considered ruling from the Chair, future conduct will be controlled by the ruling that has till now being given. My attention has been drawn to various rulings.

MR. A. THANU PILLAI: It has been in force here for some time.

MR. PUTHUPALLI S. KRISHNA PILLAI (*Legal Remembrancer to Government*): Ruling Nos. 197 to 210 *Vide* Pages 125-134, A selection from the Rulings from the Chair., Travancore Legislature are to that effect.

PRESIDENT: That is, for 7 or 8 years this practice has been followed. It can be criticised and I believe it is liable to be criticised I may read what happened in the Legisiative Assembly.

> "The honourable member is not in order. The difficulty that honourable members get into is this that they do not combine together and those interested in one particular set of subjects agree that one of their number will move a reduction and confine the debate to that particular subject. The result is we have an extremely irregular debate which it is very difficult for the Chair to keep in order and from which the honourable members emerge with a sense of grievance against the Chair or against themselves one does not know which—because they have not had an opportunity of speaking. The fault rests entirely with themselves. I tried to show the first Assembly the manner in which they could make their crititisms most effective. That can only be done if those interested in a particular aspect of railway administration agree beforehand to put down a reduction. It does not matter whether the reduction is Re. 1 or 1 crore. It is better that it should be Re. 1 for effective criticism than 1 crore, because the

LIBRARY ARCHIVES Kerala Legislative Assembly

[President.]

> moment you introduce the larger figure the question of economy comes in and not the question of administration simply. I would like to emphasise that point here. These discussions are provided in order to enable honourable members effectively to criticise the administration, and if honourable members will only agree to meet together beforehand, those interested in Indianisation, those interested in other aspects of railway administration, and so on, and put down a series of reductions and let me know beforehand what they wish to discuss, we shall have much more regular and much more effective debates.

What was really enjoined or advocated in that ruling was that it is possible to range the various cut motions so that the various matters may not be raised in a crystallised form for independent and separate discussion. That is not always done. So far as it is concerned, this Legislature has always adopted the same drastic method of taking in one cut motion and allowing everything to be spoken concerning that on that cut motion. The underlying theory for a cut motion is to censure on Government. If under any head Government is censured that censure applies to everything under that head. That was the principle on which the ruling of this Legislature has been given. That is a matter which needs very deep investigation.

MR. P. KUNJUKRISHNAN: In the list of bridges that are constructed during the time of the present Chief Engineer, I do not find the Maniyamculam bridge.

MR. G. B. E. TRUSCOTT (*Chief Engineer, Roads, Buildings and Irrigation*): Sir, I rise to a point of order. Mr. Kunjukrishnan has already spoken on this point.

PRESIDENT: When did he have his speech ?

MR. G. B. E. TRUSCOTT: On Saturday.

MR. S. CHATTANATHA KARAYALAR: He had finished his speech on Saturdy last.

PRESIDENT: From the chit that is given me by the Secretary, I understand that cut motion 134 was under discussion and the House rose when Mr. Kunjukrishnan was speaking.

MR. S. CHATTANATHA KARAYALAR: He had already taken ten minutes.

PRESIDENT: He will take three minutes more.

MR. G. B. E. TRUSCOTT: The bridge that Mr. Kunjukrishnan refers to costs Rs. 20,000.

MR. P. KUNJUKRISHNAN: I do not find the Maniyamculam bridge under the list of completed bridges.

MR. G. B. E. TRUSCOTT: That is because it costs not less than Rs. 20,000.

PRESIDENT: I greatly appreciate the interest of certain members in certain bridges and roads and the honourable member, the Chief Engineer, should try and see that their ideas are ventilated. I do not see any reason why they should not stress them.

LIBRARY ARCHIVES Kerala Legislative Assembly

MR. G. B. E. TRUSCOTT : The bridge that the honourable member refers to costs over Rs. 20,000. The other bridges were completed because they cost only less than Rs. 20,000.

MR. P. KUNJUKRISHNAN : My point is that the bridge could have been completed even before the last Budget Session. But it is kept in the same position even now. I have personal experience of the matter and when I used to cross that bridge I had to alight from the car or vehicle that I travelled and had to walk. I have to bring to the notice of this House that school-going children and ordinary passengers all find so much difficulty in crossing that bridge. They are frightened to pass over that bridge. I submit that this state of affairs could have been averted if the authorities had gone to the spot.

(At this stage the President left the hall and the Deputy President took the Chair).

I know that such matters ought to have been taken immediate notice of by the Executive Engineer at Quilon. Even so long after the condition of the bridge has been brought to the notice of the Chief Engineer, I am sorry to say, that the bridge is kept in the same position. I may draw the immediate attention of the Chief Engineer to this matter.

I may now speak with regard to the means of communication between Quilon and Perinad. Perinad is a very important and thickly populated locality. There is a backwater between Thevally and Quilon. The Backwater is about one furlong in breadth. Every day thousands of people have to cross that part of the backwater. No provision is made for that except the provision of ordinary canoes for taking people across the backwater and jungars for taking the cars to either side of the backwater.

In view of the fact that on several occasions there were loss of lives in accidents which happened in crossing this portion of backwater, I think it is absolutely necessary that at least a steam launch should be engaged so that hundreds of people who have to cross that part of the lake may safely land on either side. There was a proposal to construct a bridge and it was brought to the serious attention of the Govern. ment, and the Government, I understand, have taken note of the matter and they have made the necessary preliminary enquiries regarding it. Since it requires a very large amount it is feared that the Government may not launch such a scheme at present. So, I think the best method under the present circumstances is to provide a cheap steam launch to take the people across the said backwater.

In this connection I would draw the attention of the Chief Engineer to the inconvenience caused to the people of Kottarakara due to the absence of adequate means of communication. Sir, Kottarakara is almost an up-country taluk. I know as a matter of fact that several villages have spent money collected from the people on constructing village roads joining important places. And it is up to the Government to look into the matter and see what all roads can be improved to the

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kunjukrishnan.]

best advantage of the inhabitants. I would draw the immediate attention of the Chief Engineer to this. In this connection I conclude by saying a few words about the accident which occurred in the Ceramic Factory when a cooly was killed by being buried alive. Sir, this matter was brought to the notice of the authorities concerned by several people and especially by the Secretary of the Labour Union, Quilon. I myself had brought this matter to the attention of the Government in the form of interpellations. But nothing has been done in the matter so far. There is anxiety among the people that more than one man must have been killed in this accident. It is up to the Government to see what those apprehensions of the people are and if they are found to be borne out by facts the matter should be investigated further

DEPUTY PRESIDENT: The honourable member has exceeded his time.

MR. P. KUNJUKRISHNAN: Sir, I may require one minute more. My complaint is that in spite of many complaints raised in more than one quarter Government have not taken steps to investigate into this matter. The Executive Engineer at Quilon is the immediate supervising authority. I regret much to see that he himself has done nothing towards this. Once again, calling upon the authorities to make all necessary investigations in this matter I conclude my remarks supporting the motion.

MR. KANNARA GOPALA PANICKAR (*Mavelikara cum Kunnatoor*): സർ, ചങ്ങനാശേരിയിൽനിന്നും ആലപ്പുഴയിലേക്കു ഒരു റോഡ് വെട്ടേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പല പ്രാവശ്യവും പല രൂപത്തിലും ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ഒരു റോഡ് ആവശ്യമുണ്ടെന്നു ഗവണ്മെൻറു സമ്മതിക്കയും അതിലേക്കായി ചില പ്രാരംഭയാലോചനകൾ ചെയ്കയും ചെയ്തതായി എനിക്കറിയാം. ചങ്ങനാശേരി—ആലപ്പുഴ റോഡിന്റെ ആവശ്യകതയെപ്പറ്റി വളരെ നാൾ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചതിന്റെ ഫലമായി ഗവണ്മെൻറിൽ നിന്ന് കുട്ടനാട്ട് കാണ്ഫറൻസ് എന്ന പേരിൽ കുറെ നിയമസഭാമെമ്പറന്മാരെ വിളിച്ചുകൂട്ടി ഒരു കാൺഫറൻസ് നടത്തി. ഇങ്ങനെ ഒരു റോഡ് അത്യാവശ്യമാണെന്നും റോഡിന്റെ പണി ഉടനെ തുടങ്ങുമെന്നും അഞ്ചു മുന്നു ഘട്ടമായി പണിതീർത്തുകൊള്ളാമെന്നും റോഡിന്റെ ആവശ്യത്തിനു കുറെ കൂടുതൽ സ്ഥലമെടുത്താൽ റോഡിനാവശ്യമുള്ള സ്ഥലം നീക്കി ശേഷം സ്ഥലം കുടികൾക്കു പതിച്ചുകൊടുത്താൽ ഗവണ്മെൻറിനു ആദായം കിട്ടുമെന്നും മറ്റും ആ കാൺഫറൻസിൽവച്ചു ഗവണ്മെൻറു അഭിപ്രായം പറഞ്ഞതായി എനിക്കറിയാം. എന്നാൽ ഇതിനെ സംബന്ധിച്ചു യാതൊരു നടപടിയും നടത്തുകയുണ്ടായില്ല. ഇതിലേക്കാ

LIBRARY ARCHIVES Kerala Legislative Assembly

വശ്യമുള്ള തുക ബഡ്ജറിൽ ചേർക്കയൊ ചെയ്തിട്ടില്ല. ഇതൊക്കെ കാണുമ്പോൾ ഗവണ്മെൻറിന്റെ കാൺഫറൻസും ആലോചനകളും വാക്കുകളും എല്ലാം ഒരു പ്രഹസനമാണെന്നോ അല്ലെങ്കിൽ ഒരു വെറും പടമാണെന്നോ തോന്നിപ്പോകും.

ഇതു വളരെ അത്യാവശ്യമായ ഒരു റോഡാണ്. ആലപ്പുഴയെയും ചങ്ങനാശേരിയേയും തമ്മിൽ ഈ റോഡുകൊണ്ട് ഘടിപ്പിച്ചാൽ വ്യവസായവാണിജ്യങ്ങൾ അഭിവൃദ്ധിപ്പെടുമെന്നും തിരുവിതാംകൂറിന്റെ സാമ്പത്തികനില ഉയരുമെന്നും ഉള്ളതിനു യാതൊരു സംശയവുമില്ല. കിഴക്കൻ പ്രദേശങ്ങളിൽ ഉണ്ടാകുന്നതായ ഉൽപ്പന്നസാധനങ്ങളെല്ലാം ചങ്ങനാശേരിയിൽ വന്നിട്ടാണ് ആലപ്പുഴയിലേക്കു കയറ്റി അയച്ചുകൊണ്ടിരിക്കുന്നതു്. എന്നാൽ ഇങ്ങിനെ ഒരു റോഡ് വന്നുകഴിഞ്ഞാൽ ഉൾനാട്ടിലുള്ള ഉൽപന്നസാധനങ്ങളെല്ലാം നേരെ ആലപ്പുഴക്കുതന്നെ കൊണ്ടുപോകാൻ സാധിക്കും.

ഇതുപോലെതന്നെ വളരെ പ്രധാനമുള്ള ഒരു റോഡാണ് തിരുവല്ലാ — അമ്പലപ്പുഴറോഡ്. ഇതു തിരുവല്ലായിൽനിന്നു ഇടത്തോവരെ ഒരു പന്ത്രണ്ടുകൊല്ലത്തിനുമുമ്പു ഒരു വില്ലേജ്റോഡ്പോലെ വെട്ടിയിട്ടിരിക്കയാണ്. ഈ റോഡ് പണി പൂർത്തിയാക്കിതരണമെന്നു പലപ്രാവശ്യവും അധികാരികളുടെ ശ്രദ്ധക്കു വിഷയീഭവിപ്പിച്ചു ആവശ്യപ്പെട്ടിട്ടും ഇതുവരെ യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. ഈറോഡിനുവേണ്ടി കുറെപണം പിലവാക്കി. എന്നാൽ ഈ റോഡിൽക്കൂടി ഒരുവിധം യാത്ര ചെയ്യാമെന്നുവച്ചാൽ പാലങ്ങളൊ കലുംകുകളോ ഒന്നുംതന്നെയില്ല. മെയിൻറനൻസുപോലുമില്ല. ഇടത്തോയിൽനിന്നും രണ്ടുമൂക്കാലോ മൂന്നോ മയിൽ റോഡ്ക്രൂടി നീട്ടിക്കഴിഞ്ഞാൽ അമ്പലപ്പുഴവരെ ഭംഗിയായി പോകാൻ സാധിക്കും. ഈ മൂന്നു മയിൽ പുഞ്ചപ്പാടങ്ങളിൽക്കൂടി വെട്ടേണ്ടിയിരിക്കുന്നതുകൊണ്ടു പണച്ചിലവു കുറെ അധികമായിവന്നു എന്നു വന്നേയ്ക്കാം. എന്നാൽ ഇതുകൊണ്ടുള്ള ഉപയോഗം നോക്കുമ്പോൾ ഈ വ്യയം സാരമായിട്ടുള്ളതെന്നല്ലെന്നു കാണാം. ഇപ്പോൾ തിരുവല്ലായിൽനിന്നും അമ്പലപ്പുഴക്കു പോകണമെങ്കിൽ ചെങ്ങന്നൂർ, പന്തളം, മാവേലിക്കര, തോട്ടപ്പള്ളി മുതലായ സ്ഥലങ്ങളിൽക്കൂടി ചുറ്റിവേണം പോകാൻ. ഈ റോഡ് തീർന്നാൽ ഉദ്ദേശം പത്തിരുപതു മയിലിന്റെ ലാഭം ഉണ്ടാകും. ഇതിൽ നാലുപാലം തീരേണ്ട ആവശ്യമുണ്ട്. പമ്പാനദിയിൽ ഒരു വലിയ പാലംതന്നെ പണിയേണ്ടിയിരിക്കുന്നു. അതുപോലെ വാളയത്തുതോട്ടിലും വയ്ക്കത്തില്ലത്തിൻ തോട്ടിലും ഓരോ പാലങ്ങൾ തീരേണ്ട

LIBRARY ARCHIVES Kerala Legislative Assembly

തായിട്ടുണ്ട്. വയ്യത്തില്ലത്തിൻ തോട്ടിൽ കഴിഞ്ഞയാണ്ടാരംഭത്തിൽ പാലത്തിനായി ചില പ്രാരംഭപണികളെല്ലാം ചെയ്തു. കഴിഞ്ഞവർഷത്തിൽ ആ പണി മുഴുവനും വെള്ളം കൊണ്ടുപോയി. ഇതാരുടെ ആലോചനപ്രകാരമാണ് ഈ കലുങ്കുകഠം കെട്ടിയതെന്ന് എനിക്കു നിശ്ചയമില്ല. ഒരു പക്ഷെ ചീഫ് എൻജിനീയറുടെ അറിവോടുകൂടിയായിരിക്കാം ഇതു ചെയ്തത്. ഏതായാലും ഈ ജോലി നഷ്ടത്തിൽ കലാശിച്ചു. ഡിപ്പാർട്ടുമെൻറുമേധാവികഠം ആരുംതന്നെ അവിടെ വരികയൊ അവിടെ ചെയ്തിട്ടുള്ള ജോലികഠം പരിശോധിക്കുകയും ചെയ്യാത്തതുകൊണ്ടു ആണു ഇങ്ങനെ ഉത്തരവാദിത്വമില്ലാതെ ജോലികഠം ചെയ്യാൻ ഇടവരുന്നതു്. ഇതുകേഠംക്കാനാരുമില്ലാത്തതുകൊണ്ടാണ്. ഈ സംഗതി പൊതുജനങ്ങളുടെയിടയിൽ അവിശ്വാസമുണ്ടാക്കാൻ പര്യാപ്തമായതാണ്. എതായാലും പത്തുപന്ത്രണ്ടുകൊല്ലമായി തുടങ്ങിയിട്ടും പണിതീരാതിട്ടിരിക്കുന്ന തിരുവല്ലാ—അമ്പലപ്പുഴറോഡ് ഉടനടി തീർക്കേണ്ടതാണന്ന് അപേക്ഷിച്ചുകൊള്ളുന്നു.

ഇനി എനിക്കു പറയാനുള്ളതു മാവേലിക്കര കുന്നത്തൂർ നിയോജകമണ്ഡലത്തെ സംബന്ധിച്ചുള്ള ചില പ്രാദേശിക ആവശ്യങ്ങളെപ്പറ്റിയാണ്. അതിനെസംബന്ധിച്ചു എനിക്കു അധികമായി പറയേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. കഴിഞ്ഞ ഇലക്ഷൻ സംബന്ധിച്ച് തിരുവിതാംകൂറിലുള്ള മിക്ക ഉദ്യോഗസ്ഥന്മാരും അവിടെ വന്നിട്ടുണ്ടായിരുന്നതുകൊണ്ടു അവിടത്തെ ആവശ്യങ്ങഠം എന്തെല്ലാമാണെന്ന് അവർ നേരിട്ടു അറിഞ്ഞിരിക്കണം. അതിനാൽ ഞാൻ പറയാതെതന്നെ അവിടെയുള്ള ആവശ്യങ്ങഠം അവർ നിറവേറ്റിത്തരുമെന്ന് ഞാൻ ആശിക്കുന്നു.

MR. P. K. KUNJU: ആ അവസരത്തിൽ ചീഫ് ഇഞ്ചിനീയർ അവിടെ വന്നിട്ടുണ്ടായിരുന്നോ?

MR. KANNARA GOPALA PANICKAR: അദ്ദേഹം അവിടെ വന്നിരുന്നൊ എന്നു എനിക്കു നല്ല നിശ്ചയമില്ല.

മാവേലിക്കര മുൻസിഫ് കോടതി വളരെ കൊല്ലമായി ഒരു ചെറിയ വാടകക്കെട്ടിടത്തിലാണ് നടത്തിവരുന്നതു്. ഒരു നല്ല കെട്ടിടം പണിതു ഒരു കോടതി നടത്താനുള്ള ധനസ്ഥിതിയും സൗകര്യവും തിരുവിതാംകൂർ ഗവണ്മെൻറിനു ഇല്ലാ എന്ന് ഞാൻ വിചാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നില്ല. ഈ ചെറിയ കെട്ടിടത്തിൽ കോടതി നടത്തുന്നതുമൂലം ഉണ്ടാകുന്ന അസൗകര്യങ്ങളും വളരെനാളായി അവിടെയുള്ള ജനങ്ങളും ഉദ്യോഗസ്ഥന്മാരും അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ടെയിനിംഗ് സ്കൂൾ നടത്തുന്ന കെട്ടിടം മുനിസിഫ്കോടതിക്കുവേണ്ടി വിട്ടുകൊടുക്കാമെന്ന് പബ്ലിക്ക് ഇൻസ്ട്രക്ഷൻ ഡയറക്ടർ അവർകളും സമ്മതിച്ചിട്ടുള്ളതായി കേൾക്കുന്നു. അതു വാസ്തവമാണെങ്കിൽ അടുത്തഭാവിയിൽത്തന്നെ അവിടത്തെ മുനിസിഫ്കോടതി അങ്ങോട്ടു മാറുന്നതു നന്നായിരിക്കും. മുനിസിഫ്കോടതിക്കും പുറമെ മജിസ്ട്രേട്ട് കോടതികൂടി നടത്താനുള്ള സൗകര്യം അവിടെയുണ്ട്. അങ്ങനെ ചെയ്യുന്നതു് വക്കീലന്മാർക്കും കക്ഷികൾക്കുമെല്ലാം വളരെ സൗകര്യപ്രദമായിരിക്കും.

കുന്നത്തൂരിനെ സംബന്ധിച്ച് കഴിഞ്ഞകൊല്ലം ചില ആവശ്യങ്ങളും ഞാൻ പറഞ്ഞുകഴിഞ്ഞു. അവയിൽ ഏതെങ്കിലും ഒന്നിനെപ്പറ്റിയെങ്കിലും ചീഫ് ഇഞ്ചിനീയർ ഗൗനിച്ചിട്ടില്ല. പിന്നെ എന്തിനുവേണ്ടി ഞങ്ങൾ ഇതെല്ലാം പറയുന്നു. വെറും ചർവിതചർവണം, സമയനഷ്ടം, ഇതാണ് അനുഭവം. ഇതു ആവശ്യമുള്ള ഒരു സംഗതിയാണൊ എന്നാലോചിക്കുന്നതിനുപോലും ചീഫ് ഇഞ്ചിനീയർ തയാറല്ല. ഇക്കൊല്ലത്തെ ബഡ്ജറിൽ മെയിൻറനൻസിനു വേണ്ടിയല്ലാതെ ഒരു പൈസ പോലും മാവേലിക്കര—കുന്നത്തൂർ താലൂക്കുകളിലേക്കു കൊള്ളിച്ചിട്ടുള്ളതായി ഞാൻ കാണുന്നില്ല. കുന്നത്തൂർ കടവിൽ ഒരു പാലം പണിയേണ്ടതു വളരെ അത്യാവശ്യമാണ്. അതിലെക്കൂടിയുള്ള ഗതാഗതങ്ങളും വളരെയാണ്. കുട്ടികളും അങ്ങോട്ടും ഇങ്ങോട്ടും പോകുന്നുണ്ട്. അടുത്തു ഒരുസ്കൂളുണ്ട്, ഒരു ചന്തയുമുണ്ട്. കഴിഞ്ഞകൊല്ലം വർഷത്തിൽ വെള്ളപ്പൊക്കമുണ്ടായപ്പോൾ കടവിൽ വെള്ളം മുങ്ങുകയും കുട്ടികളും വളരെ കഷ്ടപ്പെടുകയും ചിലകുട്ടികൾ മരിക്കയുംചെയ്തു. ആ കടത്തുകടവിൽ ഒരു നല്ല വള്ളംപോലും ഇട്ടിട്ടില്ല. അവിടെ മടത്തനാൽ കടവു എന്ന ഒരു കടവുണ്ട്. കുറെനാൾക്കുമുൻപു അവിടെ ഒരു കടത്തു ഇട്ടിട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അതില്ല. ഒരു കടത്തേർപ്പെടുത്തുവാനായി അവിടെയുള്ള ജനങ്ങൾ ഗവണ്മെൻറിനോടു അപേക്ഷകൾ അയച്ചും മെമ്മോറിയൽ കൊടുത്തും നേരിട്ടും ആവശ്യപ്പെടുകയുണ്ടായി. എന്നിട്ടും ഗവണ്മെൻറ് ഇതുവരെ യാതൊന്നും ചെയ്യുകയുണ്ടായില്ല. ഈ തരത്തിലാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെൻറിനെക്കൊണ്ടു എങ്ങിനെയാണ് ഓരോ കാര്യങ്ങൾ നടത്തിക്കേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ. നേരിട്ടുപറഞ്ഞാൽ അറിയുന്നില്ല. ജനപ്രതിനിധികൾ പറഞ്ഞാലും അറിയുന്നില്ല. പിന്നെ എങ്ങിനെയാണ് ഭരണകാര്യങ്ങൾ മുന്നോട്ടു പോകുന്നതു? ഏനാത്തുനിന്നും കുന്നത്തൂരേക്ക് ഒരു റോഡുണ്ട്.

PRESIDENT: You have only one minute more.

MR. KANNARA GOPALA PANICKAR: ആ റോഡ് ഇപ്പോഴും വില്ലേജ് റോഡായിട്ടു കിടക്കുകയാണ്. ആ റോഡു നന്നു വികസിപ്പിക്കുകയാണെങ്കിൽ അതു അവിടത്തെ വ്യവസായത്തിനും കച്ചവടത്തിനും അഭിവൃദ്ധികരമായിരിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ഗവണ്മെൻറു അത്യാവശ്യമായി ചെയ്യേണ്ട ഒരുകാര്യമാണ് അതു .മാവേലിക്കരയിൽ ആറാട്ടുകടവു—ഒട്ടുവൂർ എന്ന ഒരു തോടുണ്ടു്. അതു വെട്ടുന്നപക്ഷം കൃഷിക്കു് വളരെ ഗുണമുണ്ടാകുന്നതായിരിക്കും. കൃഷിക്കു ഏറ്റവും അത്യാവശ്യമായ ആ തോടു വെട്ടുന്ന കാര്യം പല പ്രാവശ്യം ഗവണ്മെൻറിനെ അറിയിച്ചിട്ടുള്ളതാണ്. ആ തോടിൻെറ ഇരുവശങ്ങളിലുമായി ധാരാളം നിലങ്ങളുണ്ടു്. ഇപ്പോൾ അതു വെട്ടിക്കാത്തതുകൊണ്ടു് അവിടെ കൃഷിചെയ്യാൻ സാധിക്കുന്നില്ല. മാവേലിക്കര—തിരുവല്ലാറോഡിലും മാവേലിക്കര—ചെങ്ങന്നൂർ റോഡിലും ഓരോ പാലം പണിയിക്കേണ്ട അത്യാവശ്യത്തെപ്പറ്റി ഇതിനു മുൻപുതന്നെ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്. ഇനിയെങ്കിലും അതു നടപ്പിൽ കൊണ്ടുവരാൻ ഗവണ്മെൻറു ശ്രദ്ധിക്കേണ്ടതാണ്. പുന്നമൂട എന്ന സ്ഥലത്തുനിന്നും പുള്ളിക്കണക്കു് ഒരു ചെറിയ റോഡുണ്ടു്. അതു വെട്ടിശരിപ്പെടുത്തിഴിഞ്ഞിട്ടുള്ള ഒരു റോഡാണ്. ഇനി കല്ലിട്ടുറപ്പിക്കേണ്ട കാര്യമുള്ളു. അതും എത്രയും വേഗത്തിൽ സാധിച്ചു തരേണ്ടതാണ്. മാവേലിക്കരയിൽ ടൗൺഹാൾ എന്നൊരു സ്ഥാപനമുണ്ടു്. അവടെയുള്ള പൊതുജനപ്രമാണികളും വക്കീലന്മാരും മറ്റും ദിവസവും ഈ ഹാളിൽ വരേണ്ട ആവശ്യമുണ്ടു്, വരുന്നുമുണ്ടു്. എന്നാൽ അതിനടുത്തുള്ള ഒരു ശ്മശാനം അവിടെനിന്നും നന്നു മാറിയിടണമെന്നു് ഡിപ്പാർട്ടുമെൻറു അധികാരികളോടു വളരെ പ്രാവശ്യം ആവശ്യപ്പെടുകയുണ്ടായി. ഇനിയെങ്കിലും ഗവണ്മെൻറു ആ കാര്യത്തിൽ വേണ്ട ശ്രദ്ധ പതിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. NANOO (*Chirayinkil* cum *Nedumangad*): Sir, I support this motion and in doing so, I wish to bring before the House the local needs of my constituency, *viz.*, Nedumangad and Chirayinkil. Sir, from the Budget it is seen that a major portion of the money has been allotted for speculative schemes like Water Works, Trunk Telephone etc. The result is that we have only a sum of Rs. 17,000 set apart for new roads as against Rs. 72,360 allotted last year. This, I submit, is highly insufficient to meet the needs of the people of the rural areas. Coming to my constituency, Sir, in Nedumangad there is one Chittar road. A portion of this road has been completed and yet there is a distance of 2 1/2 miles to be finished. If this portion is also not taken up now, no use can be made with the portion already constructed. Then there is another road also, I mean, the one from Kallara to Aruvipuram. A portion of this road has been taken up and some amount has been spent to finish a portion of it. But not even a foot of this road is cartable.

Coming to the Chirayinkil taluk, we have been agitating for a road from Kollampuzha to Dalavapuram. It is more than 20 years since we began agitating for this road. The necessity was felt by Government and the work was taken up. It was divided into three sections. The middle section alone was somewhat completed, and the remaining two sections have not yet been taken up. Now this is an important road and the necessity felt by the people is very great. In the Kollampuzha ferry, there is necessity for a bridge. In this year's budget no provision is made towards this longfelt need of the people. From Nilakkamukkoo to Kaikara there is the necessity for a road. Yesterday, I pointed out that Vakkom is a thickly populated area in Chirayinkil taluk. On account of the necessity felt by the people, they have voluntarily surrendered their properties worth to the extent of Rs. 50,000 and even a portion of the work of this road has been done by the people. The length of this road is not more than two miles and even this the Chief Engineer is not gracious enough to look into. There are some other roads which are incomplete. The work of Perunguly-Murukkumpuzha road and Ngekkadu Nadayara road has not been taken up by Government even though there were several representations regarding them. From Poovanashimood there is a road leading to Vamanapuram. This passes through agricultural centres and there is necessity for constructing this road into a cart road. The work of the Idakkodu Koonthalloor road is more or less complete, but without a bridge the road is not at all useful. There remains a small bridge to be constructed here which may cost at the most Rs. 300. This is not attended to by the Department. Then from Kilimannoor to Madavur there is another road which has not been completed for want of some culverts. Sir, my taluk is completely neglected so far as the irrigation work is concerned. The Sarkara *Ana* in Sarkarai is not useful at all even though some big amount has been spent on it by the Government, because of want of maintenance work. Then Sir, many representations to the Government regarding the necessities of the people of Chanthiram Ela have

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Nanoo.]

been made but no investigation has been conducted and their grievances stand unredressed. I place all these matters to the notice of the Chief Engineer for his earnest consideration.

MR. K. R. NARAYANAN : ഈ ചീഫ് ഇഞ്ചിനീയരുടെ അട്ടക്കൽ അതാതു സ്ഥലങ്ങളിൽ ആവശ്യമുള്ള റോഡുകളുടെ ഒരു പട്ടിക വിശദമായി പറയുന്നതുകൊണ്ടു് വലിയ പ്രയോജനം ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. കാര്യനിർവഹണത്തിൽ വളരെ അമാന്തവും അലസതയും ഈ വക കാര്യങ്ങളിൽ അറിവില്ലായ്മയും ഉള്ള ഒരു മനുഷ്യനാണു് ചീഫ് ഇഞ്ചിനീയർ എന്നു അനവധി അനുഭവങ്ങൾ മൂലം വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ള ഒരു ചീഫ് ഇഞ്ചിനീയരെ ഈ ഡിപ്പാർട്ടുമെൻറിന്റെ മേലദ്ധ്യക്ഷനായി നിയമിച്ചതു വളരെ കഷ്ടമായിപ്പോയി. ഇതു ഞാൻ അദ്ദേഹത്തോടുള്ള വിരോധംകൊണ്ടു പറയുകയല്ലെന്നു ഞാൻ തെളിയിക്കാം. ആലുവായിൽ ഒരു പാലം പണിയുന്നു. പണിതഭാഗങ്ങൾക്കു കേടുവന്നിരിക്കുന്നു. തെക്കുഭാഗം കാലുനിരുത്തുവാൻ കിണറുണ്ടാക്കിയതു് വീണ്ടും മാറി പണിയിക്കേണ്ടിവന്നു. നടുക്കു മാറി കെട്ടിയ കാലുകൾ പിന്നീടു പൊളിച്ചുമാറേണ്ടിവന്നു. എന്നിട്ടും ആ പാലത്തിനു കൺട്രാക്ടറുകൊടുത്തിരിക്കുന്നതു് വിദഗ്ദരായ ഒരു കമ്പനിക്കാർക്കാണെന്നു് ഒരു ചോദ്യത്തിനു ഉത്തരമായി ചീഫ് ഇഞ്ചിനീയർ പറഞ്ഞു. ജഗതി പാലം പണിതു. അതിനുകേട്. പെരുമ്പാവൂർ-ആലുവാ റോഡിൽ ഒന്നാം മൈലിൽ ഒരു പാലം പണിതു. അതിനും കേടു. ഇതും ആലുവാപ്പാലം പണിയുന്ന മേല്പറഞ്ഞ കമ്പനിക്കാർതന്നെ പണിത പാലങ്ങളാണു്. ഇങ്ങനെ അവർ പണിയുന്ന പാലങ്ങൾക്കെല്ലാം കേടുകൾ ഉണ്ടായിട്ടും ഈ വിദേശക്കമ്പനിക്കാരെത്തന്നെ ഈ പണികൾക്കെല്ലാം കൊണ്ടുവരാനുണ്ടായ കാര്യം എന്താണെന്നു എനിയ്ക്കറിഞ്ഞുകൂടാ. ഇപ്പോൾ ഈ പാലങ്ങൾക്കെല്ലാം ചെലവാക്കിയ സംഖ്യ നല്ല ഒരംശം നഷ്ടപ്പെട്ടിരിക്കുകയാണു്. ഇപ്പോൾ ആലുവാ പാലം പണിയിച്ചുകൊണ്ടിരുന്ന കമ്പനിക്കാർ കൊടുത്തതിനേക്കാൾ തുലോം കുറഞ്ഞ സംഖ്യകൾക്കു ടെൻഡറിൽ പിടിച്ചു് മറ്റുള്ളവർ ആലുവാപ്പാലത്തിന്റെ ജോലികൾ നടത്തുമായിരുന്നു. അവർ പുതിയ കൺട്രാക്ടറന്മാരല്ലാ. പല വേലകളും ചെയ്തിച്ചു തഴക്കവും പഴക്കവുംവന്ന സ്വദേശികൾ ആണു്. അവർ ചെയ്തിച്ചുജോലികൾക്കൊന്നിനും കേടില്ല. അപ്പോൾ ഒന്നുകിൽ വിദേശകമ്പനിക്കാരെ അല്ലെങ്കിൽ കൂട്ടത്തിൽ സംഖ്യ ആവശ്യപ്പെടുന്നവരെ – ഇതിൽ ഒന്നാണു് ചീഫ് ഇഞ്ചിനീയർക്കു ഇഷ്ടമായിട്ടുള്ളതെന്നു തോന്നുന്നു. എന്റെ മാന്യസ്നേഹിതൻ

LIBRARY ARCHIVES Kerala Legislative Assembly

മി. കേശവൻ ഇന്നലെപറഞ്ഞതുപോലെ തിരുവിതാംകൂർകാരുടെ ആവശ്യം അറിഞ്ഞു പ്രവത്തിക്കാൻ മനസ്സുള്ള തിരുവിതാംകൂർകാരെത്തന്നെ ഈ സ്ഥാനത്തു നിയമിക്കണമെന്നു പറയുന്നതിനുള്ള കാരണവും ഇതൊക്കെത്തന്നെയാണു്.

MR. P. K. KUNJU : ഇപ്പോഴത്തെ ചീഫ് ഇഞ്ചിനീയർക്കു് പരീക്ഷായോഗ്യത വല്ലതുമുണ്ടോ?

MR. K. R. NARAYANAN: എനിക്കറിഞ്ഞുകൂടാ. അതു നിയമിച്ചവരോടു ചോദിക്കേണ്ടതാണു്.

ഇനി ഏറ്റവും വ്യസനകരമായ ഒരു സംഭവം ഞാൻ പറയാം. തലയോലപ്പറമ്പിൽനിന്നും പാലാംകടവിലേക്കു ഒരു റോഡുണ്ടു്. ഇതു് ഇനിയെങ്കിലും നന്നാക്കിത്തന്നുകൊള്ളാം എന്നുള്ള ആശയോടുകൂടിഞാൻപറയുന്നതല്ലാ. ഇദ്ദേഹത്തിന്റെ ജാഗ്രതയും അലസതയും അനേഷണക്കുറവും കാണിക്കുവാൻ വേണ്ടിപ്പറയുകയാണു്. ആ റോഡിനു ഒന്നര ഫർലാംഗ് നീളമെയുള്ളു. അവിടെ ചന്ത, അഞ്ചലാഫീസ്, സ്കൂൾ മുതലായ സ്ഥാപനങ്ങൾ ഉള്ളതുകൊണ്ടു ഗതാഗതത്തിനു സൗകര്യം ഉണ്ടാക്കേണ്ട അത്യാവശ്യം വളരെയുണ്ടു്. ഈ റോഡു നന്നാക്കിത്തരണമെന്നു് ഏതാൻ മുതൽ ഇതുവരെയുള്ള പരിനെഞ്ചപ്രാവശ്യം ചീഫ് ഇഞ്ചിനീയർക്കു അപേക്ഷഅയച്ചിട്ടുണ്ടു്. ഇല്ലെന്നു് അദ്ദേഹം പറയുകയാണെങ്കിൽ ഓരോ തീയതിയും മൂണ്ടിക്കാണിച്ചു് അദ്ദേഹത്തെ വെല്ലുവിളിക്കാൻ ഞാൻ തയാറാണു്. വർഷകാലത്തു് വെള്ളം നിമിത്തം വസ്ത്രം മാനം മര്യാദയായി ധരിക്കുന്നതിനുപോലും തരമില്ലാതെ പ്രസ്താവയോഗ്യമല്ലാത്ത വിധത്തിൽ ഇവിടെ വെള്ളത്തിൽക്കൂടി ചന്തയ്ക്കു നീന്തിക്കടന്നു പോകുന്ന സ്ത്രീജനങ്ങളുടേയും അതുപോലെ തലയിൽ ചുമടും വച്ചുകൊണ്ടു ഈ റോഡിൽക്കൂടി നീന്തിപോകുവാൻ വിഷമിക്കുന്ന ചുമട്ടുകാരുടേയും ഫോട്ടോകൂടിക്കൂടി നാലഞ്ചുകൊല്ലത്തിനു് മുമ്പു് എടുത്തു ചീഫ് ഇഞ്ചിനീയർക്കു അയച്ചിട്ടുണ്ടു്. എന്നാൽ ഇപ്പോൾ അവ ചീഫ് ഇഞ്ചിനീയരുടെ കയ്യിലില്ലെന്നു് പറയുമെന്നു് എനിക്കറിയാം. ഇതെല്ലാം ചെയ്തിട്ടും അവിടെവരെ ഒന്നു വരാൻ പോലും ഈ ചീഫ് ഇഞ്ചിനീയർക്കു് ദയവും മനസ്സും ഉണ്ടായില്ല. കഷ്ടിച്ചു് ഏ ൦ ൦ ൦ രൂപയുടെ ചെലവുവരുന്ന ഈ പണി തുടങ്ങാനും അദ്ദേഹം തയ്യാറായില്ല. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഇതു അനേഷണക്കുറവുള്ള ഒരാളിനെ ഈ വിടത്തെ ഏറ്റവും അവശ്യമുള്ള ഒരു ഡിപ്പാർട്ടുമെന്റിന്റെ മേലധ്യ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

ക്ഷനായി നിയമിച്ചിരിക്കുന്നതു കോഴിക്കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ കുറുക്കനെ ഏൽപ്പിച്ചതു പോലെയായിരിക്കുന്നു. മുളക്കുളത്തു ഒരു പാലം പണിയുന്നതിനുള്ള പണം അനുവദിച്ചിട്ടു നാം കുറെയായി. ഉണ്ടായിരുന്ന പാലം പൊളിച്ചിട്ടു. എന്നാൽ ഇന്നുവരെ പണി തുടങ്ങിയിട്ടില്ലാ. എറണാകുളത്തു പോകുന്നവഴി എങ്ങാനും വയ്യാത്തുകൂടി ചീഫ് ഇഞ്ചിനീയർ കടന്നുപോയിട്ടുണ്ടെങ്കിൽ അല്ലാതെ ഫൻസർ മുതൽ ഇന്നുവരെ അദ്ദേഹം വൈക്കം താലൂക്കിൽ പൊതുജനസൌകര്യം അന്വേഷിക്കുവാൻ കാലെടുത്തു കുത്തിയിട്ടില്ല. ഫൻസർ-ൽ ആവുവായിൽ വച്ചു് ഒരു ഡെപ്യൂട്ടേഷൻവഴി ചീഫ് ഇഞ്ചിനീയരെ കണ്ടു സംസാരിച്ചപ്പോൾ "നിങ്ങൾക്കെന്തിനാണു് റോഡുകൾ. ലോകത്തിന്റെ നാലിലൊന്നുഭാഗം മുഴുവനും പുററിക്കറങ്ങാനുള്ള റോഡുകൾ നിങ്ങൾക്കില്ലയൊ?" എന്നായിരുന്നു. അതിനുശേഷം എന്തുമാത്രം റോഡുകൾ. അതേ എത്ര ഇഞ്ചു റോഡുകൾ വടക്കൻ തിരുവിതാംകൂറിൽ പുത്തനായി പണിതിട്ടുണ്ടെന്നുള്ളതു് അദ്ദേഹം ദയവുചെയ്തു പറഞ്ഞാൽ കൊള്ളാമായിരുന്നു. കോട്ടയത്തുനിന്നും എറണാകുളത്തക്കു് കുമരകം വഴി ഒരുറോഡു ഉണ്ടാക്കേണ്ടതു വളരെ അത്യാവശ്യമാണു്. കോട്ടയത്തു നിന്നും കുമരകത്തേക്കു് ഒരു റോഡു പണിതിട്ടുണ്ടു്. അതിന്റെ ബാക്കി പണിക്കായി ഇപ്പോൾ കുറെ പണവും അനുവദിച്ചിട്ടുണ്ടു്. എന്നാൽ അവിടെനിന്നും വൈക്കത്തേക്കുള്ള റോഡുപണികൂടി പൂർത്തിയാക്കിത്തരണമെന്നു് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും ഇതുവരെ യാതൊരു അനക്കവും ഉണ്ടായിട്ടില്ല. യോഗങ്ങൾകൂടി നിശ്ചയം പാസാക്കി അയച്ചാലും നിയമസഭാമെമ്പറന്മാരൊ മറ്റു ഉത്തരവാദിത്വമുള്ള ആളുകളൊ എഴുതി അയച്ചാലും ഈ വക കാര്യങ്ങൾക്കു ഒരു മറുപടിയും ഉണ്ടാകുന്നില്ല. ഇനി എന്റെ സ്വന്തമനുഭവത്തെപ്പറ്റി, എന്റെ മൂക്കിനുമുമ്പിൽ നടന്ന ഒരു സംഗതിയെപ്പറ്റികൂടി രണ്ടുവാക്കു പറഞ്ഞു കൊണ്ടു ഞാൻ നിറുത്തിയേക്കാം. എന്റെ വീട്ടിനടുത്തു ഏകദേശം രണ്ടുമുവായിരം രൂപാ ചെലവുചെയ്തു മുവാറ്റുപുഴയാറ്റിൽ, വെള്ളപ്പൊക്കത്തിൽ ചിറ പൊളിയാതിരിക്കുന്നതിനുവേണ്ടി കല്ലുകൊണ്ടു അടുക്കിവയ്ക്കുന്ന ഒരു പണി ഗവണ്മെൻറു ചെയ്യുകയുണ്ടായി. ആ കല്ലു മുഴുവൻ ഇപ്പോൾ വെച്ച ഉടനെതന്നെ ഇളകിക്കിടക്കുകയാണു്. ഞാൻ പറഞ്ഞതിനു തെളിവു് ഇറിഗേഷൻ ഇഞ്ചിനീയർ മി. എ. സി. ചാക്കൊ കണ്ണുകൊണ്ടു കണ്ടു എന്നുള്ളതു തന്നെയാണു്. എന്തിനു ഇതെല്ലാം പറയുന്നു. ഒന്നുകിൽ

LIBRARY ARCHIVES Kerala Legislative Assembly

ഈ ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനെക്കൊണ്ടു ഒരു പ്രയോജനവുമില്ല; അല്ലെങ്കിൽ ജനങ്ങളുടെ സൗകര്യങ്ങളും അവർ നോക്കുന്നില്ല. ഇവർ ജനങ്ങളുടെ സൗകര്യങ്ങളും നോക്കാൻ ഭാവമില്ലെങ്കിൽ ഇവിടെനിന്നു അങ്ങു പിരിയുകയായിരിക്കും ഭേദം. ഞാൻ ഒന്നുകൂടി ചീഫ് ഇഞ്ചിനീയരെ അറിയിക്കുന്നു. ജനങ്ങളുടെ സുഖസൗകര്യങ്ങളെപ്പറ്റി പറഞ്ഞാൽ ഉദ്യോഗസ്ഥന്മാർ കേൾക്കുന്ന കാലം വന്നു. അന്നു മി. ഗോപാലപ്പണിക്കർ പറഞ്ഞ സംഗതികളും മി. നാണു പറഞ്ഞ സംഗതികളും വളരെ വിഷമമുണ്ടെന്നു ഇപ്പോൾ തോന്നുന്ന തലയോലപ്പറമ്പു പാലാങ്കാവുറോഡിൻറെ കാര്യവും എല്ലാം നടപ്പിൽവരും. എന്നാൽ അദ്ദേഹം ജനങ്ങളുടെ ആവശ്യങ്ങൾ ഒന്നും നിർവഹിക്കാതെ അവരുടെ ശാപം മുഴുവൻ ഏറ്റുകൊണ്ടു യൂറോപ്പിലേക്കു പോകാം എന്നു വിചാരിക്കാതെ അദ്ദേഹത്തിൻറെ തന്നെ കൃതാർത്ഥതക്കുവേണ്ടിയെങ്കിലും വല്ലതും ചെയ്യുക എന്നുമാത്രമാണു് എനിക്കു് അദ്ദേഹത്തോടു പറയാനുള്ളതു് സൗകര്യമുണ്ടെങ്കിൽ കേൾക്കുക. സൗകര്യമുണ്ടെങ്കിൽ ചെയ്യുക.

MR. K. P. KOCHUKORA THARAKAN : സർ, ചീഫ് ഇൻജിനീയരുടെ യാത്രച്ചിലവിൽ ഒരു കുറവു കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാനും അനുകൂലിച്ചുകൊള്ളുന്നു. അതിനുള്ള കാരണത്തെപ്പറ്റി പ്രത്യേകം പറയേണ്ട ആവശ്യമില്ല. അനാവശ്യമായി യാത്രകൾ ചെയ്യുകയും പണം ചിലവാക്കുകയും ചെയ്യുന്ന ഒരു സ്വഭാവം ഇന്നത്തെ ചീഫ് ഇൻജിനീയർക്കുണ്ടു്. അദ്ദേഹം റോഡുള്ള സ്ഥലത്തുകൂടി മാത്രമാണു് യാത്ര ചെയ്യാറുള്ളതു്. തിരുവിതാംകൂറിലെ കടലോരങ്ങൾ മുഴുവൻ കടലാക്രമണം കൊണ്ടു നശിച്ചു പോയിക്കൊണ്ടിരിയ്ക്കുന്നു. എന്നു കേട്ടിട്ടും നമ്മുടെ ചീഫ് ഇൻജിനീയർ അനങ്ങിയില്ല. കടൽ ആക്രമിച്ചു് അനവധി കെട്ടിടങ്ങളും വസ്തുക്കളും മറ്റു സാധനങ്ങളും നശിച്ചുപോയി എന്നു കേട്ടിട്ടും ഡെപ്യൂട്ടി ചീഫ് ഇഞ്ചിനീയരെ അയച്ചതല്ലാതെ ചീഫ് ഇൻജിനീയർക്കു് ആ പ്രദേശങ്ങൾ ഒന്നു സന്ദർശിക്കുവാൻ പോലും മനസ്സുണ്ടായില്ല. അങ്ങനെ, ജനങ്ങൾ അറബിക്കടലിൽ മുങ്ങിക്കൊണ്ടിരിയ്ക്കുന്നു. എന്നു് കേട്ടിട്ടു് പോകാതിരിക്കുന്ന ആൾ ആണോ ഏതെങ്കിലും ഒരു സ്ഥലത്തു് പാലത്തിനോ റോഡിനോ വേണ്ടി പോകുന്നതു്? എൻറെ നിയോജകമണ്ഡലത്തിൽ പല റോഡുകളും പാലങ്ങളും അത്യാവശ്യമായിട്ടുണ്ടു് എങ്കിലും അതുകളുടെ ഒരു പട്ടിക പറഞ്ഞു അതു് എത്രയും വേഗത്തിൽ തീർത്തുതരണമെന്നു് ഫലമില്ലാതെ ആവശ്യപ്പെട്ടു് സമയം കളയണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ ചീഫ് ഇൻജിനീ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tharakan.]

യതുടെ കാലത്ത് നിശ്ചയമായും യാതൊരു റോഡുകളും ഉത്തരതിരുവിതാംകൂറിൽ ഉണ്ടാകുകയില്ല എന്ന് എനിക്കറിയാം. ജനങ്ങളുടെ ആവശ്യമറിഞ്ഞു പ്രവൃത്തിക്കാൻ തക്ക തന്റേടവും സന്നദ്ധതയും മനസുമില്ലാത്ത ഒരു ചീഫ് ഇൻജിനീയരെ ഇവിടെ ഉദ്യോഗത്തിൽ വച്ചു സംരക്ഷിച്ചു കൊണ്ടിരിക്കേണ്ട യാതൊരാവശ്യവും ഇല്ലതന്നെ. പള്ളിവാസൽ ഇലക്ട്രിക്ക് സ്കീമിനു റെണലിങ്ങിനു വരുത്തിയിട്ട അതു തീർന്നപ്പോൾ റസിഡൻഷ്യൽ ഇഞ്ചിനീയറായി നിയമിതനായ മി. ഡൊറാഫീഫ് സായിപ്പിനെപ്പോലെ ഈ സായിപ്പും ഇവിടെനിന്നും ഒന്ന് പിരിഞ്ഞു പോകുമെങ്കിൽ അതു അദ്ദേഹത്തിനും തിരുവിതാംകൂറുകാർക്കും ഒരുപോലെ അഭിമാനജനകമായിരിക്കും. ഇദ്ദേഹം ചീഫ് ഇൻജിനീയരായി വന്നതിൽ പിന്നെ തിരുവിതാംകൂർ രാജ്യത്തിനോ, ജനങ്ങൾക്കോ അല്ലെങ്കിൽ തിരുവിതാംകൂറിന്റെ ഏതെങ്കിലും ഒരു പ്രദേശത്തിനോ എന്തെങ്കിലും പുണ്യം വന്നിട്ടുള്ളതായി അറിഞ്ഞിട്ടില്ല. അദ്ദേഹം നടത്തിയിട്ടുള്ള പണികളെല്ലാം കുഴപ്പത്തിൽ കലാശിച്ചതായിട്ടാണു അറിയുന്നത്. ജഗതി പാലത്തിന് യാതൊരു കേടുമില്ല എന്ന് എന്റെ ഒരു ചോദ്യത്തിനു മറുപടി തരികയുണ്ടായി. കുഴൽവെള്ളം ക്ലേ ചോകുന്നതിനു കുഴൽ വെയ്ക്കുന്നതിനായി പാലം വാർത്തക്കുട്ടത്തിൽ വാർത്തിരുന്ന ബ്രായ്ക്കറുകൾ ക്രായ്ക്ക ക്കുടാതെ എത്രയെണ്ണം ഉണ്ടെന്നു അദ്ദേഹം തന്നെ പറയട്ടെ. അതുപോലെ ആലുവാ പെരുമ്പാവൂർ റോഡിലുള്ള ആ പാലം പണിയിച്ചു തീർന്ന് അധികം കഴിയുന്നതിനുമുമ്പ് അതിനും ക്രായ്ക്കാം ഉണ്ടായിട്ടുണ്ട്. മേൽ പറഞ്ഞ പാലത്തിന്റെയും ആലുവാ പാലത്തിന്റെയും ബ്രായ്ക്കറ് ഗ്രാമഫോൺ കമ്പനിക്കാർ ആണ് എടുത്തിരുന്നതു്. ആ പാലത്തിന്റെ കാലിന്റെ അടിയും മുകളുമായി ഏകദേശം മൂന്നാലടിയുടെ വ്യത്യാസം വന്നിരിക്കുന്നു എന്ന് എനിക്കറിയാം. ഇപ്പോൾ അതിന്റെ ചിലവു തിരുവിതാംകൂർ ഗവൺമെന്റു് സഹിയ്ക്കണമെന്നാണു കമ്പനിക്കാർ ആവശ്യപ്പെടുന്നതു്. ചീഫ് ഇൻജിനീയക്ക് ഏതാനും ചില യൂറോപ്യൻ കമ്പനിക്കാരെ സഹായിക്കണമെന്നുണ്ടെങ്കിൽ തിരുവിതാംകൂറിന്റെ പണമെടുത്തല്ല അങ്ങനെ ചെയ്യേണ്ടതു്. സ്വന്തം പണമുപയോഗിച്ചു അവരെ സഹായിച്ചുകൊള്ളട്ടെ.

MR. K. R. NARAYANAN : ആ പാലം പണിയിക്കുന്നതിന് ഈ കമ്പനിക്കാർ കൊടുത്ത ടെൻഡറിനെക്കാളും കുറഞ്ഞ തുകയ്ക്ക് ടെൻഡർ ഉള്ളവർ ടെൻഡർ കൊടുത്തതായി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. KOCHUKORA THARAKAN : ഉണ്ടെന്ന തീർച്ചയായി അറിയാം. ഇതിൽനിന്ന് ചീഫ് ഇൻജിനീയർക്കു ചില യൂറോപ്യൻ കമ്പനിക്കാരേയോ അല്ലെങ്കിൽ ചില പ്രത്യേകവ്യക്തികളേയോ സഹായിക്കണമെന്നുള്ള ഉദ്ദേശമാണുള്ളതെന്ന് തോന്നിപ്പോകുന്നു. തിരുവിതാംകൂറിലെ പണം തിരുവിതാംകൂറിന്റെ ന്യായമായ ആവശ്യങ്ങൾക്ക് വേണ്ടിഉപയോഗിക്കപ്പെടണമെന്നുള്ള യാതൊരുദ്ദേശവും അദ്ദേഹത്തിനുള്ളതായി കാണുന്നില്ല. മുൻപുള്ള ചീഫ ഇൻജിനീയറന്മാർ ഇങ്ങനെ ഉള്ളവരല്ലായിരുന്നു. മുമ്പു് ചീഫ് ഇൻജിനീയറായിരുന്ന വെസ്റ്റർഡെയിൽ ആരെങ്കിലും കാണാൻ ചെന്നാൽ സമയം തരുക പതിവില്ലായിരുന്നു. എന്നാൽ നിയമസഭയിൽ ഒരു കട്ട് മോഷൻ കൊണ്ടുവന്ന് പാസാക്കിയതിനുശേഷം ആർക്കു ചെന്നാലും കാണാമെന്നുള്ള മട്ടായി. അതിനു മുൻപു് ഇവിടെ ഇരുന്നിരുന്നതു മി. വൈപ്പനാണു്. അദ്ദേഹം സാമാന്യജനങ്ങളോടു പോലും വളരെ മര്യാദയായി പെരുമാറിക്കൊണ്ടിരുന്നു. എന്നു മാത്രമല്ല തിരുവിതാംകൂറിലെ പണം ഒരു കൊച്ചുകാര്യത്തിലും അവതാളത്തിൽ ചിലവാക്കിയിട്ടില്ല. എന്നാൽ ഇന്നത്തെ ചീഫ് ഇൻജിനീയരുടെ സ്ഥിതി അതല്ല. നാട്ടുകാർ താണവർഗ്ഗക്കാരാണെന്നു് അദ്ദേഹം വിചാരിക്കുന്നതുപോലെ തോന്നുന്നു. അദ്ദേഹത്തിന്റെ യോഗ്യതയെപ്പറ്റി സിവിൾലിസ്റ്റെടുത്തു ഞാൻ പരിശോധിക്കുകയുണ്ടായി. ജി.ബി.ഇ. കെസക്കാട്ട് എന്നിങ്ങനെ പേരിന്റെ പുറകുവശത്തു കുറെ അക്ഷരങ്ങൾ കണ്ടു. അതിനപ്പുറമായി യാതൊന്നും കണ്ടില്ല. അതുകൊണ്ടു് അദ്ദേഹത്തിന് ക്വാളിഫിക്കേഷൻ ഒന്നും ഇല്ലെന്നുതന്നെ ഞാൻ വിചാരിക്കുന്നു.

DEPUTY PRESIDENT : The question of qualifications of the Chief Engineer does not arise under this question.

MR. K. P. KOCHUKORA THARAKAN : സർ, ഇത്തരം വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കുവാൻ ഇന്നു് ഞങ്ങൾക്കവകാശമില്ല. അതുകൊണ്ടു് അവരുടെ യാത്രച്ചിലവിനെപ്പറ്റി പറയുന്ന അവസരത്തിൽ മാത്രമെ ഞങ്ങൾക്കവരുടെ യോഗ്യതകളെപ്പറ്റി പറയുവാൻ നിർവാഹമുള്ളു. ഇതു വെളിപ്പെടുത്തണമെന്നല്ലാതെ ഇന്നിയ്ക്കു മറ്റുദ്ദേശമില്ല. ജനങ്ങളുടെ ആവശ്യത്തെ ഇദ്ദേഹം കുറച്ചുകൂടി ഉദാരമായി നിറവേറ്റണം മുൻപു പത്തുകൊല്ലംകൊണ്ടു് ഇവിടെയുള്ള വില്ലേജ് റോഡുകളെല്ലാം തീർക്കത്തക്കനിലയിൽ ഒരു പദ്ധതി ഗവർമ്മെന്റ് മിസ്റ്റർ വൈപ്പൻ ഇവിടെ ഇരുന്ന കാലത്തു് ഏർപ്പെടുത്താൻ ഉദ്ദേശിച്ചു. ഇട

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tharakan.]

ങ്ങിയതാണു. ഒരു മൈൽ റോഡിനു് ഏകദേശം ൫൦ രൂപ ചെല വു വരുമെന്നും അന്നു കണ്ടിരുന്നു. അതിനു പത്തുകൊല്ലത്തെ മെയിൻറ നൻസ്സു് ഉപയോഗിച്ചാൽ സാധിയ്ക്കുമെന്നുമാണു കണക്കാക്കിയിരുന്ന തു്. എന്നാൽ മസ്ടോം കൃഷിക്കാക്കു അതു നടത്തിയ്ക്കുന്നപക്ഷം യാ തൊരു പ്രയോജനവും ഇല്ലെന്നും പറഞ്ഞു അതു നിരുത്തിവയ്ക്കുകയാണു് പിന്നീടു നടന്നതു്. ചുരുക്കിപ്പറഞ്ഞാൽ ഈ ഡിപ്പാർട്ടുമെൻറുകൊണ്ടു തിരുവിതാംകൂർകാക്കു പൊതുവേയും വടക്കൻ തിരുവിതാംകൂർകാക്കു പ്ര ത്യേകമായും യാതൊരു പ്രയോജനവും ഇല്ലെന്നാണു് വന്നിരിക്കുന്നതു്. മറെറാരു കാര്യം നോക്കുക. തിരുവിതാംകൂറിലെ പത്തുപത്തു ലക്ഷം ജനങ്ങളുടെ ആവശ്യത്തിനായി ഈയാണ്ടിൽ ഏതാണ്ടു ൩,൦൦൦ രൂ പാ മാത്രമാണു് ഒറിജിനൽ വർക്കുസിനായിട്ടു കൊള്ളിച്ചിട്ടുള്ളതു. അ തിൽ കോട്ടയം ദേവികുളം ഡിവിഷനിലേക്കു് ൬,൦൦൦ രൂപ മാത്രമാ ണുള്ളതു്. അതു പഴയ റോഡിൽ പുതിയ മെറൽ ഇടുന്നതിനാണു താനും. ഇതു എങ്ങനെ ഒറിജിനൽ വർക്കസ് ആകും എന്നു് എനിക്കു റിഞ്ഞുകൂടാ. അതേ അവസരത്തിൽ തിരുവനന്തപുരത്തെ ആവശ്യത്തി നായി മാത്രം ൩൨,൦൦,൦൦൦ രൂപ. എന്നാൽ തിരുവിതാംകൂറിൻറെ ആവശ്യങ്ങൾ തിരുവനന്തപുരത്തെ ആവശ്യങ്ങൾ മാത്രമല്ല എന്നറിയ ണം. തിരുവിതാംകൂറിലെ പൊതുജനങ്ങളുടെ ആവശ്യങ്ങൾ എന്തെ ല്ലാമാണെന്നറിയുന്നതിനു തിരുവിതാംകൂറിൽ ഉള്ള ഒരു ഉദ്യോഗസ്ഥനെ ഈ ഡിപ്പാർട്ടുമെൻറിൻറെ അദ്ധ്യക്ഷനായി നിയമിച്ചിരുന്നെങ്കിൽ ഇ തിനെക്കാളും വളരെ ഉപയോഗപ്രദമായിരുന്നെന്നെ.

ഈ നാട്ടുകാരായ ഉദ്യോഗസ്ഥന്മാരാണു് ഈ രാജ്യത്തേക്കാവശ്യ മുള്ളതു്. ഇപ്പോഴത്തെ ചീഫ് ഇൻജിനിയർ വളരെ യോഗ്യനായിരി ക്കാം. പക്ഷെ തിരുവിതാംകൂറിൻറെ ഇന്നത്തെ സ്ഥിതിക്കു് പറ്റിയ ആളല്ല എന്നേയുള്ളൂ. അതുകൊണ്ടു് ഞാൻ ഗവർമ്മെൻറിനെ ഉൽ ബോധിപ്പിക്കേണ്ട ഒരു പ്രധാന സംഗതി എത്രയും വേഗത്തിൽ ഇങ്ങി നെയുള്ള ഈ ആളെ സലാംകൊടുത്തു പറഞ്ഞയക്കണമെന്നുള്ളതാണു്. ജനങ്ങളുടെയിടയിൽ സമാധാനവും സംതൃപ്തിയും ഉണ്ടാക്കണം. അദ്ദേ ഹത്തിനു് പേഴ്സനൽ പേ കൊടുത്താണു് നിയമിച്ചിരിക്കുന്നതു്. പേ ഴ്സനൽ പേ അശേഷം നിർത്തണം. ഹൈഡ്രോ ഇലക്ട്രിക്കു് സ്കീം നടത്തിക്കുന്നതിനാണു് അദ്ദേഹത്തെ ഇവിടെ വരുത്തിയതു്. പത്തുപ തിനായിരം രൂപാ വെറുതെ പാഴായി അവിടെക്കൊണ്ടു ചെന്നു പ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ള്ളിവാസൽ വാലിയിൽ ഒഴുക്കികളഞ്ഞു. സിവിൽ വക്കിങ്ങിൽ കാണിച്ചിട്ടുള്ള അനാവശ്യങ്ങളെപ്പറ്റി ഇപ്പോൾ ഞാനൊന്നും പറയുന്നില്ല. ഈ വിധത്തിൽ അദ്ദേഹം തൊട്ടിട്ടുള്ള യാതൊരു ജോലിയും തന്നെ ഭംഗിയായി അവസാനിപ്പിച്ചിട്ടില്ല. ഇതിനുമുമ്പ് ഇവിടെ ഇരുന്ന ചീഫ് ഇൻജിനീയറന്മാർ പണികഴിപ്പിച്ചിട്ടുള്ള മൂവാറ്റുപുഴ, ചെങ്ങന്നൂർ എന്നീ പാലങ്ങളെ കണ്ടിട്ടെങ്കിലും ഇപ്പോഴത്തെ ചീഫ് ഇൻജിനീയർക്ക് നല്ല തരത്തിൽ പാലങ്ങൾ പണികഴിപ്പിക്കാമായിരുന്നു. കാൺട്രാക്ടറന്മാരോടു റെണ്ടും എസ്റ്റിമേറും പ്ലാനും തയ്യാറാക്കിച്ചാണ് ഇദ്ദേഹം ആവശ്യപ്പെടുന്നത്. ഇങ്ങനെ ആവശ്യപ്പെടുന്നതുതന്നെ അദ്ദേഹത്തിന് ഈ വിഷയത്തിലുള്ള പരിജ്ഞാനക്കുറവിനെയാണ് കാണിക്കുന്നത്. പ്ലാനും മറ്റും തയ്യാറാക്കി റെണ്ടർ വിളിച്ച് പാലം പണിയിയ്ക്കുന്നതിന് ഇൻജിനിയറിങ്ങ് സംബന്ധിച്ച് സാമാന്യജ്ഞാനം ആവശ്യമാണ്. മേൽപ്രകാരം ആവശ്യപ്പെടുന്നതുകൊണ്ടുതന്നെ പ്ലാൻ തയ്യാറാക്കുന്നതിൽ ഇദ്ദേഹത്തിന്റെ ജ്ഞാനം വെളിപ്പെടുന്നു.

അതുകൊണ്ട് ഈ വക കാര്യങ്ങളെല്ലാം കഴിയുന്നതും വേഗത്തിൽ, ജനങ്ങളെ ക്ഷോഭിപ്പിക്കാതേയും ഇദ്ദേഹത്തിന് അപമാനം വരുത്താതേയും രാജ്യത്തിന് നഷ്ടം വരുത്താതേയും, ഇദ്ദേഹത്തിന്റെ തിരുവിതാംകൂർ സേവനം അവസാനിപ്പിയ്ക്കുണമെന്നു ഞാൻ ഗവണ്മെന്റിനോടു അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഉപനാടുകളിലെ ആവശ്യങ്ങളെപ്പറ്റി ഇനിയും ചിലതു പറയുവാനുണ്ട്.

DEPUTY PRESIDENT: Mr. N. Ramakrishna Pillai.

MR. K. NARAYANA KURUP: I caught the eye of the President four times.

DEPUTY PRESIDENT: It is for the President to judge whether any particular member has caught the eye of the President.

MR. N. RAMAKRISHNA PILLAI (*Vaikom* cum *Kottayam*): The allotment in respect of communications, especially in North Travancore is very meagre and inadequate. Since the formation of the Public Works Department in 1860 it will be seen that for a long time the attention of the Department has not been directed at all to the needs of North Travancore. It took 17 years for the Department to undertake any work in North Travancore; I believe it was in 1887 that an extension of the M. C. Road from Kottayam to the frontiers of the Cochin State was undertaken by the Department. By that time about Rs. 90 lakhs had been spent on communications and other works in other parts of the State. In the Administration Report of the year 1052 it will be found that there is a specific reference by the Chief

[Mr. N. Ramakrishna Pillai.]

